# പതിമൂന്നാം കേരള നിയമസഭ

## ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം : 3723 19.02.2013-ൽ മറുപടിയ്ക്ക്

**കണ്ടൽക്കാടുകളുടെ സംരക്ഷണം**

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. മുല്ലക്കര രത്നാകരൻ | ശ്രീ.കെ.ബി.ഗണേഷ് കുമാർ (വനവും സ്പോർട്ട്സും സിനിമയും വകുപ്പ് മന്ത്രി) |
| എ) കേരളത്തിൽ കണ്ടൽക്കാടുകളുടെ വിസ്തൃതി കണക്കാക്കിയിട്ടുണ്ടോ ; | എ) ഉണ്ട്. |
| ബി) വേമ്പനാട്ടു കായലിലെ കണ്ടൽകാടുകൾ സംരക്ഷിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ; വ്യക്തമാക്കുമോ? | ബി) വേമ്പനാട്ടു കായലിലെ കണ്ടൽകാടുകൾ സംരക്ഷിക്കുന്നതിന് വേണ്ടി പൊതുജനങ്ങളിൽ അവബോധം സൃഷ്ടിക്കുന്നതിനായുള്ള ബോധവൽക്കരണ ക്ലാസ്സുകളും, സ്റ്റഡി ടൂറുകളും ട്രെയിനിംഗുകളും നടത്തി വരുന്നു. കൂടാതെ നാശോൻമുഖമായ കണ്ടൽക്കാടുകൾ സംരക്ഷിക്കുന്നതിന് വേണ്ടി കണ്ടൽ ചെടികളുടെ തൈകൾ നഴ്സറികളിൽ ഉത്പാദിപ്പിച്ച് പൊതുജനങ്ങൾക്ക് സൗജന്യമായി വിതരണം ചെയ്തുവരുന്നുണ്ട്. കണ്ടൽക്കാടുകളുടെ സംരക്ഷണത്തിനു വേണ്ടി കണ്ടൽ ഉടമകൾക്ക് ധനസഹായവും വനം വകുപ്പ് നൽകി വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ